## 20.06.2018-ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ പതിനാലാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3.30 മണിക്ക് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനം പലവിധ പ്രയാസങ്ങൾക്കിടയിലും അഭിനന്ദനാർഹമായ രീതിയിൽ മുന്നോട്ടു പോയിട്ടുണ്ടെന്നും ഇതിനോടകം രണ്ട് റിപ്പോർട്ടുകൾ അന്തിമമാക്കാൻ കഴിഞ്ഞെന്നും ചെയർമാൻ ആമുഖമായി പറഞ്ഞു. ക്ഷേമനിയമങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ട് പൂർത്തിയായി വരുന്ന കാര്യവും ഭരണസംവിധാനത്തിന്റെ നട്ടെല്ലായ ആസൂത്രണം, ധനകാര്യം എന്നീ മേഖലകളിൽ കമ്മീഷൻ പഠനം നടത്താൻ തീരുമാനിച്ച കാര്യവുമൊക്കെ അദ്ദേഹം എടുത്തു പറഞ്ഞു. എന്നാൽ ടേംസ് ഓഫ് റഫറൻസിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ പ്രവർത്തനങ്ങളിൽ ഏറെ മുന്നേറിയെന്ന് സ്വയം വിലയിരുത്തുന്നത് ശരിയല്ലെന്നും വളരെ പ്രധാനപ്പെട്ട ചില വിഷയങ്ങളിൽ കമ്മീഷൻ ഇനിയും കൈ വച്ചിട്ടില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പൗരകേന്ദ്രീകൃത സേവനപ്രദാനം, സുസ്ഥിര വികസനം എന്നിവ സംബന്ധിച്ച് നടത്തിയ യോഗങ്ങൾ ഏറെ ഫലപ്രദമായിരുന്നെന്നും അടുത്ത ഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് പറയാനുള്ളത് കേൾക്കേണ്ടതുണ്ടെന്നും മുൻകാല കമ്മീഷനുകൾ സമർപ്പിച്ച റിപ്പോർട്ടുകളുടെ കൂടി പശ്ചാത്തലത്തിൽ വേണം ഉദ്യോഗസ്ഥ സംവിധാന പരിഷ്കാരണവുമായി ബന്ധപ്പെട്ട പഠനം മുന്നോട്ടു കൊണ്ടു പോകേണ്ടതെന്നും സൂക്ഷ്മതയോടും അവധാനതയോടും വേണം ഈ വിഷയങ്ങളെ സമീപിക്കാനെന്നും അദ്ദേഹം നിർദ്ദേശിച്ചു. ആരോപണവിധേയരും കളങ്കിതരുമായ ആരും കമ്മീഷന്റെ ഒരു പാനലുകളിലും ഉൾപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തണമെന്നും ഒരു ജനതയുടെ അഭിലാഷങ്ങൾ പ്രതിഫലിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ വിദഗ്ധരുടെ വൈദഗ്ധ്യവും ജനങ്ങളുടെ അഭിപ്രായങ്ങളും ശാസ്ത്രീയമായി സമന്വയിക്കേണ്ടതുണ്ടെന്നും പരിമിതമായ സമയത്തിനകം ചെയ്യാനുള്ള കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിക്കുകയും ചെയ്തു.

### തീരുമാനങ്ങൾ

| അജണ്ട ഇനം നമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 10.05.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പതിമൂന്നാമത് യോഗത്തിന്റെ മിനിട്സ് അംഗീകരിക്കൽ | മിനിട്സ് അംഗീകരിച്ചു. |
| 2 | 10.05.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പതിമൂന്നാമത് യോഗത്തിന്റെ തീരുമാനങ്ങൾ- നടപടി റിപ്പോർട്ട് അംഗീകരിക്കൽ | നടപടി റിപ്പോർട്ട് അംഗീകരിച്ചു. |

| | | |
|---|---|---|
| 3 | ***പൗരകേന്ദ്രീകൃത സേവനപ്രദാനം*** - എന്ന പഠനവിഷയം സംബന്ധിച്ച് | പൗരകേന്ദ്രീകൃത സേവനപ്രദാനം എന്ന വിഷയം സംബന്ധിച്ച് 16.07.2018 ന് ആലപ്പുഴ ജില്ലയിലും തുടർന്ന് ആഗസ്റ്റ് രണ്ടാം വാരത്തിൽ തിരുവനന്തപുരത്തെ നെടുമങ്ങാടും ആഗസ്റ്റ് മൂന്നാം വാരത്തിൽ പത്തനംതിട്ട ജില്ലയിലും പബ്ലിക് ഹിയറിംഗുകൾ നടത്തുന്നതിന് തീരുമാനിച്ചു. |
| 4 | ***സുസ്ഥിര വികസനം*** എന്ന പഠന വിഷയം സംബന്ധിച്ച് | സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിന് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS), കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയൺമെന്റ് (KSCSTE) തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നത് സംബന്ധിച്ച് ഡോ.ആർ.വി.ജി മേനോനെ പോലുള്ളവരുമായി ആലോചിക്കാ-വുന്നതാണെന്ന് തീരുമാനിച്ചു. |
| 5 | ***ഉദ്യോഗസ്ഥസംവിധാന പരിഷ്കരണം*** എന്ന പഠനവിഷയം സംബന്ധിച്ച് | ഉദ്യോഗസ്ഥസംവിധാന പരിഷ്കരണ-വുമായി ബന്ധപ്പെട്ട പഠനം മുൻകാല റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ വേണം മുന്നോട്ടു പോകാനെന്നും മുൻകാല ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളുടെ നടത്തിപ്പിന്റെ ഫലപ്രാപ്തി സംബന്ധിച്ച സി.എം.ഡി യുടെ റിപ്പോർട്ട് ജൂൺ 30 നകം ലഭിക്കേണ്ടതുണ്ടെന്നും യോഗം വിലയിരുത്തി. |
| 6 | ***ക്ഷേമനിയമങ്ങളുടെ അവലോകനം*** സംബന്ധിച്ച റിപ്പോർട്ട് | ക്ഷേമനിയമങ്ങളുടെ അവലോകനം സംബന്ധിച്ച റിപ്പോർട്ട് അടുത്ത കമ്മീഷൻ യോഗത്തിനു മുമ്പ് ചെയർമാന്റെ അംഗീകാരത്തിന് സമർപ്പിച്ച് റിപ്പോർട്ട് അന്തിമമാ-ക്കുവാൻ തീരുമാനിച്ചു. |

കമ്മീഷന്റെ അടുത്ത യോഗം 2018 ജൂലായ് 31 ന് വൈകുന്നേരം 3.30 മണിക്ക് കൂടുന്നതിന് തീരുമാനിച്ചു.

യോഗം 4.15 മണിക്ക് അവസാനിച്ചു.